# 89/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. ഓടക്കുഴൽ പുരസ്കാരം ഏർപ്പെടുത്തിയ കവി :

   (A) ഉള്ളൂർ
   (B) ജി. ശങ്കരക്കുറുപ്പ്
   (C) വൈലോപ്പിള്ളി
   (D) ഇടശ്ശേരി

2. ഇന്ത്യയിലെ ധവളവിപ്ലവത്തിന്റെ പിതാവ് :

   (A) എം.എസ്. സ്വാമിനാഥൻ
   (B) എ.കെ. ഗോപാലൻ
   (C) വർഗ്ഗീസ് കുര്യൻ
   (D) ഗോപാലക്കുറുപ്പ്

3. ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് എന്ന മുദ്രാവാക്യം ഉയർത്തിയ നവോത്ഥാന നായകൻ :

   (A) വൈകുണ്ഠസ്വാമി
   (B) സഹോദരൻ അയ്യപ്പൻ
   (C) ശ്രീനാരായണഗുരു
   (D) ബ്രഹ്മാനന്ദ ശിവയോഗി

4. 1947 ഏപ്രിൽ മാസത്തിൽ ഐക്യകേരള സമ്മേളനം നടന്ന സ്ഥലം :

   (A) തൃശ്ശൂർ
   (B) കോഴിക്കോട്
   (C) ഒറ്റപ്പാലം
   (D) തിരുവനന്തപുരം

5. കേന്ദ്രമന്ത്രിസഭയിൽ അംഗമായിരുന്ന മലയാളി വനിത :

   (A) അക്കമ്മ ചെറിയാൻ
   (B) ലീലാ ദാമോദരമേനോൻ
   (C) ലക്ഷ്മി എൻ. മേനോൻ
   (D) ക്യാപ്റ്റൻ ലക്ഷ്മി

6. കേരളത്തിലെ ആദ്യത്തെ ബ്രിട്ടീഷ് വിരുദ്ധ കലാപം നടന്നതെവിടെ?

   (A) ആറ്റിങ്ങൽ
   (B) കൊല്ലം
   (C) കൊച്ചി
   (D) കണ്ണൂർ

7. സംസ്ഥാനഗവർണ്ണർ പദവിയിലെത്തിയ ആദ്യ മലയാളി :

   (A) വക്കം പുരുഷോത്തമൻ
   (B) എം.എം. ജേക്കബ്
   (C) വി.പി. മേനോൻ
   (D) പട്ടം താണുപിള്ള

8. കാകദൃഷ്ടി എന്ന കാർട്ടൂൺ പംക്തിയുടെ രചയിതാവ് :

(A) വേണു

(B) ഗോപീകൃഷ്ണൻ

(C) ടോംസ്

(D) സുകുമാർ

9. പറയി പെറ്റ പന്തിരുകുലത്തെക്കുറിച്ചുള്ള ഗ്രന്ഥം :

(A) ഐതിഹ്യമാല

(B) കേരളപ്പഴമ

(C) കേരളോൽപ്പത്തി

(D) കൈരളിയുടെ കഥ

10. കേരളത്തിൽ നിന്നുള്ള രാജ്യസഭാ അംഗങ്ങളുടെ എണ്ണം :

(A) 12

(B) 14

(C) 7

(D) 9

11. ചുലന്നൂർ മയിൽ സങ്കേതം സ്ഥിതിചെയ്യുന്ന ജില്ല :

(A) തൃശ്ശൂർ

(B) ഇടുക്കി

(C) എറണാകുളം

(D) പാലക്കാട്

12. ദാദാസാഹിബ് ഫാൽക്കേ ബഹുമതി നേടിയ മലയാളി :

(A) മധു

(B) പി. ഭാസ്കരൻ

(C) അടൂർ ഗോപാലകൃഷ്ണൻ

(D) പി.ജെ. ആന്റണി

13. "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മുദ്രാവാക്യം ആരുടേത്?

(A) മഹാത്മാഗാന്ധി

(B) മാർട്ടിൻ ലൂഥർ

(C) നെൽസൺ മണ്ഡേല

(D) രവീന്ദ്രനാഥ ടാഗോർ

14. "തല മറന്ന് എണ്ണ തേക്കുക" എന്നാൽ :

(A) അശ്രദ്ധ കാണിക്കുക

(B) നന്ദികേട് കാണിക്കുക

(C) ധൃതി കാണിക്കുക

(D) നിസ്സാരവൽക്കരിക്കുക

15. ചവിട്ടുനാടകം എന്ന കലാരൂപത്തിൽ കാണാൻ കഴിയുന്നത് ഏതു രാജ്യത്തിന്റെ സ്വാധീനം?

(A) ബ്രിട്ടൻ

(B) ഫ്രാൻസ്

(C) പോർച്ചുഗൽ

(D) ജപ്പാൻ

16. നിള എന്നറിയപ്പെടുന്ന നദി :

(A) ഭാരതപ്പുഴ

(B) പെരിയാർ

(C) പമ്പ

(D) കബനി

17. കത്താൻ സഹായിക്കുന്ന വാതകം :

(A) കാർബൺ ഡൈ ഓക്സൈഡ്
(B) ഹൈഡ്രജൻ
(C) ഓക്സിജൻ
(D) നൈട്രജൻ

18. "കിലോ" എന്നത് സൂചിപ്പിക്കുന്ന സംഖ്യ :

(A) 10
(B) 100
(C) 1000
(D) 10000

19. വരുണൻ എന്നറിയപ്പെടുന്ന ഗ്രഹം :

(A) ശുക്രൻ
(B) വ്യാഴം
(C) ശനി
(D) നെപ്ട്യൂൺ

20. വൈദ്യുതി ഏറ്റവും സുഗമമായി കടന്നു പോകുന്ന ലോഹം :

(A) ചെമ്പ്
(B) ഇരുമ്പ്
(C) അലുമിനിയം
(D) ടിൻ

21. പേവിഷം (റാബീസ്) ശരീരത്തിന്റെ ഏതു ഭാഗത്തെയാണ് ബാധിക്കുക?

(A) ഹൃദയം
(B) തലച്ചോറ്
(C) കരൾ
(D) ശ്വാസകോശം

22. 2013 ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയത് :

(A) പുതുശ്ശേരി രാമചന്ദ്രൻ
(B) സുഗതകുമാരി
(C) പ്രഭാവർമ്മ
(D) എം.കെ. സാനു

23. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയ വർഷം :

(A) 1989
(B) 1990
(C) 1991
(D) 1992

24. ഡീഗോ മറഡോണയുടെ ജന്മദേശം :

(A) ബ്രസീൽ
(B) അർജന്റീന
(C) കൊളംബിയ
(D) പെറു

25. ഇന്ത്യയിൽ സാമ്പത്തിക ഉദാരവൽക്കരണത്തിന് തുടക്കമിട്ട കേന്ദ്ര ധനമന്ത്രി :

(A) മൻമോഹൻ സിംഗ്
(B) പി. ചിദംബരം
(C) യശ്വന്ത് സിൻഹ
(D) പ്രണബ് മുഖർജി

26. ദൈവകണം എന്നറിയപ്പെടുന്നത് :

(A) ന്യൂട്രോൺ
(B) ഇലക്ട്രോൺ
(C) ടാക്യോൺ
(D) ഹിഗ്സ് ബോസോൺ

27. പ്രാചീന ഇന്ത്യയിലെ ശസ്ത്രക്രിയാവിദഗ്ദ്ധൻ :

(A) ചരകൻ
(B) ശുശ്രുതൻ
(C) ധന്വന്തരി
(D) വാഗ്ഭടൻ

28. ആംആദ്മി പാർട്ടിയുമായി ബന്ധമുള്ളയാൾ :

(A) ബാബ രാംദേവ്
(B) സുബ്രഹ്മണ്യം സ്വാമി
(C) അരവിന്ദ് കെജ്രിവാൾ
(D) അഖിലേഷ് യാദവ്

29. ശ്രാവണബൽഗോള ഏതു മതവിശ്വാസികളുടെ തീർത്ഥാടന കേന്ദ്രമാണ്?

(A) ഹിന്ദുമതം
(B) ബുദ്ധമതം
(C) ക്രിസ്തുമതം
(D) ജൈനമതം

30. ഇങ്കിലാബ് സിന്ദാബാദ് എന്ന മുദ്രാവാക്യം ഏതു ഭാഷയിലുള്ളതാണ്?

(A) ബംഗാളി
(B) ഉറുദു
(C) മറാത്തി
(D) ഗുജറാത്തി

31. രാസായുധ നിരോധന സംഘടന (OPCW) യുടെ ആസ്ഥാനം :

(A) പാരീസ്
(B) ജനീവ
(C) ഹേഗ്
(D) വാഷിങ്ടൺ

32. AD 825 ൽ ആരംഭിച്ച കലണ്ടർ സമ്പ്രദായം :

(A) കൊല്ലവർഷം
(B) ഹിജറ
(C) ശകവർഷം
(D) വിക്രമവർഷം

33. പൊണ്ണത്തടിക്ക് ആദ്യമായി നികുതി ഏർപ്പെടുത്തിയ രാജ്യം :

(A) ഇംഗ്ലണ്ട്
(B) ഓസ്ട്രേലിയ
(C) ജപ്പാൻ
(D) ഡെൻമാർക്ക്

34. ഏറ്റവും ഒടുവിൽ ഐക്യരാഷ്ട്രസഭാ അംഗത്വം നേടിയ രാജ്യം :

(A) പാലസ്തീൻ
(B) തെക്കൻ സുഡാൻ
(C) മോണ്ടിനെഗ്രോ
(D) കിഴക്കൻ ടിമോർ

35. പരിസ്ഥിതി ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിൽ ഏതു സംസ്ഥാനത്തിൽ നിന്നുള്ള വ്യക്തിയാണ്?

(A) കേരളം (B) കർണ്ണാടക

(C) മഹാരാഷ്ട്ര (D) ഉത്തർപ്രദേശ്

36. വേദസംഹിതകൾ രചിക്കപ്പെട്ട ഭാഷ :

(A) പ്രാകൃത് (B) സംസ്കൃതം

(C) തമിഴ് (D) പാലി

37. പ്രാചീനകാലത്ത് പേർഷ്യ എന്ന് അറിയപ്പെട്ടിരുന്നത് :

(A) പ്രഷ്യ (B) അഫ്ഗാനിസ്ഥാൻ

(C) ഇറാൻ (D) ഇറാഖ്

38. ഇന്ദുലേഖ എന്ന നോവലിലെ നായകൻ :

(A) സൂരി നമ്പൂതിരി (B) മാധവൻ

(C) പഞ്ചുമേനോൻ (D) ചന്തുമേനോൻ

39. ഇൻസുലിന്റെ കുറവ് മൂലം ഉണ്ടാകുന്ന രോഗം :

(A) പ്രമേഹം (B) രക്താദിസമ്മർദ്ദം

(C) കരൾവീക്കം (D) വിളർച്ച

40. കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂറിനോട് ഏറ്റുമുട്ടിയത് :

(A) ഇംഗ്ലീഷുകാർ (B) ഫ്രഞ്ചുകാർ

(C) ഡച്ചുകാർ (D) അറബികൾ

41. ഒക്ടോബർ 2 ഏതു ദിനമായി ആചരിക്കുന്നു?

(A) വന ദിനം (B) പരിസ്ഥിതി ദിനം

(C) ഭക്ഷ്യ ദിനം (D) സമാധാന ദിനം

42. അലക്സാണ്ടർ ചക്രവർത്തിയുടെ സ്വദേശം :

(A) ഈജിപ്ത് (B) ഫ്രാൻസ്

(C) മാസിഡോണിയ (D) സിറിയ

43. 1975 ൽ ഇന്ത്യൻ സംസ്ഥാനമായത് :

(A) സിക്കിം (B) ഗോവ

(C) പോണ്ടിച്ചേരി (D) ഡൽഹി

44. പൂക്കോട് തടാകം സ്ഥിതിചെയ്യുന്ന ജില്ലയേത്?

(A) പത്തനംതിട്ട (B) വയനാട്

(C) പാലക്കാട് (D) ഇടുക്കി

45. ഫസൽ അലി കമ്മീഷൻ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) നദീജല തർക്കം (B) സംവരണം

(C) നാട്ടുരാജ്യ സംയോജനം (D) സംസ്ഥാന പുനഃസംഘടന

46. സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച രാഷ്ട്രീയ സംഘടന :

(A) കമ്യൂണിസ്റ്റ് പാർട്ടി (B) ഫോർവേഡ് ബ്ലോക്ക്

(C) സോഷ്യലിസ്റ്റ് പാർട്ടി (D) ജനതാ പാർട്ടി

47. പറങ്കികൾ എന്നറിയപ്പെട്ടിരുന്നത് :

(A) അറബികൾ (B) ഫ്രഞ്ചുകാർ

(C) ഡച്ചുകാർ (D) പോർച്ചുഗീസുകാർ

48. എലിപ്പനിക്കു കാരണമാകുന്ന സൂക്ഷ്മജീവി :

(A) ബാക്ടീരിയ (B) വൈറസ്

(C) ഫംഗസ് (D) പ്രോട്ടോസോവ

49. പഴശ്ശിസ്മാരകം സ്ഥിതിചെയ്യുന്നത് :

(A) തലശ്ശേരി (B) ബത്തേരി

(C) മാനന്തവാടി (D) കണ്ണൂർ

50. ഫുകുഷിമ ഏതു രാജ്യത്താണ്?

(A) വടക്കൻ കൊറിയ (B) തെക്കൻ കൊറിയ

(C) ചൈന (D) ജപ്പാൻ

51. പ്രത്യുൽപാദന പ്രക്രിയകളിൽ ഏറ്റവും പ്രാധാന്യമുള്ള വിറ്റമിൻ :

(A) A (B) C

(C) D (D) E

52. ശാരദ ആക്റ്റ് ഏതുമായി ബന്ധപ്പെട്ട നിയമമാണ്?

(A) വിധവാ പുനർവിവാഹം (B) ബാല്യവിവാഹം

(C) ശിശുഹത്യ (D) സതി

53. റബ്ബർ സംസ്കരണത്തിന് ഉപയോഗിക്കുന്ന ആസിഡ് :

(A) ഹൈഡ്രോക്ലോറിക് ആസിഡ്
(B) നൈട്രിക് ആസിഡ്
(C) അസറ്റിക് ആസിഡ്
(D) ഫോർമിക് ആസിഡ്

54. വിവരകൈമാറ്റത്തിൽ GPRS എന്നത് :

(A) ജനറൽ പ്രൈവറ്റ് റേഡിയോ സർവ്വീസ്
(B) ഗ്ലോബൽ പൊസിഷനിങ്ങ് റേഡിയോ സർവ്വീസ്
(C) ഗ്ലോബൽ പോക്കറ്റ് റേഡിയോ സർവ്വീസ്
(D) ജനറൽ പോക്കറ്റ് റേഡിയോ സർവ്വീസ്

55. യൂറോ ഔദ്യോഗിക കറൻസിയല്ലാത്ത യൂറോപ്യൻ രാജ്യം :

(A) ജർമ്മനി
(B) ബ്രിട്ടൻ
(C) പോർച്ചുഗൽ
(D) സ്പെയിൻ

56. കേദാർനാഥ് ഏത് സംസ്ഥാനത്താണ്?

(A) ജമ്മുകാശ്മീർ
(B) ഹിമാചൽ പ്രദേശ്
(C) ഉത്തർപ്രദേശ്
(D) ഉത്തരാഖണ്ഡ്

57. മേരികോം ഏതു കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ബോക്സിങ്ങ്
(B) ജിംനാസ്റ്റിക്സ്
(C) നീന്തൽ
(D) ഓട്ടം

58. കൂടംകുളം ആണവനിലയത്തിന് സാങ്കേതികസഹായം നൽകിയ രാജ്യം :

(A) അമേരിക്ക
(B) റഷ്യ
(C) ഫ്രാൻസ്
(D) ചൈന

59. ഇസ്ലാമിക് ബ്രദർഹുഡ് ഏത് രാജ്യത്തെ പ്രസ്ഥാനമാണ്?

(A) പാക്കിസ്ഥാൻ
(B) ഈജിപ്ത്
(C) ഇൻഡോനേഷ്യ
(D) സിറിയ

60. സംഗീതജ്ഞനായ തിരുവിതാംകൂർ രാജാവ് :

(A) സ്വാതിതിരുനാൾ
(B) മാർത്താണ്ഡവർമ്മ
(C) ബാലരാമവർമ്മ
(D) ചിത്തിരതിരുനാൾ

61. മഗ്നീഷ്യം എന്ന മൂലകത്തിന്റെ പ്രതീകമാണ് :

(A) Mg
(B) Mn
(C) Mo
(D) Md

62. സസ്യങ്ങളിലെ പ്രത്യുൽപാദന അവയവമാണ് :

(A) വേര്
(B) ഇല
(C) പൂവ്
(D) തണ്ട്

63. വിനാഗിരിയുടെ രാസനാമമാണ് :

(A) നൈട്രിക് ആസിഡ്
(B) സൽഫ്യൂരിക് ആസിഡ്
(C) അസറ്റിക് ആസിഡ്
(D) ഫോർമിക് ആസിഡ്

64. ഉരഗങ്ങളുടെ വിസർജ്ജ്യ വസ്തുവാണ് :

(A) യൂറിക് ആസിഡ്
(B) യൂറിയ
(C) അമോണിയ
(D) കാർബൺ ഡൈ ഓക്സൈഡ്

65. ശുദ്ധജലത്തിന്റെ pH മൂല്യം ആണ് :

(A) 9
(B) 7
(C) 14
(D) 5

66. ആപേക്ഷിക ആർദ്രത അളക്കുന്നതിനുള്ള ഉപകരണമാണ് :

(A) ഹൈഗ്രോമീറ്റർ
(B) തെർമോമീറ്റർ
(C) മാനോമീറ്റർ
(D) അനിമോമീറ്റർ

67. തന്നിട്ടുള്ളവയിൽ വിദ്യുത്രോധി ഏതാണ്?

(A) കോപ്പർ
(B) അലുമിനിയം
(C) പ്ലാസ്റ്റിക്
(D) ഗ്രാഫൈറ്റ്

68. ലോകത്തിലെ ആദ്യത്തെ കൃത്രിമ ഉപഗ്രഹമാണ് :

(A) ആര്യഭട്ട
(B) ആപ്പിൾ
(C) സ്ഫുട്നിക്
(D) ഭാസ്കര

69. മനുഷ്യശരീരത്തിൽ 'സൺബേണിനു' കാരണമായ കിരണങ്ങൾ :

(A) ഗാമാ കിരണങ്ങൾ
(B) അൾട്രാവയലറ്റ് കിരണങ്ങൾ
(C) എക്സ്റേ കിരണങ്ങൾ
(D) ഇൻഫ്രാ റെഡ് കിരണങ്ങൾ

70. ഇലയുടെ പച്ചനിറത്തിന് കാരണമായ വർണ്ണകമാണ് :

(A) ഹീമോഗ്ലോബിൻ
(B) മെലാനിൻ
(C) ക്ലോറോഫിൽ
(D) സാന്തോഫിൽ

71. ഒരു പ്രകൃതിദത്ത നൂലിന് ഉദാഹരണമാണ് :

(A) നൈലോൺ (B) കോട്ടൻ
(C) റയോൺ (D) പോളിസ്റ്റർ

72. വിറ്റമിൻ 'എ'യുടെ അഭാവം കൊണ്ട് ഉണ്ടാകുന്ന രോഗമാണ് :

(A) നിശാന്ധത (B) ബെറിബെറി
(C) റിക്കറ്റ്സ് (D) അനീമിയ

73. അന്തരീക്ഷവായുവിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന വാതകം :

(A) നൈട്രജൻ (B) ഓക്സിജൻ
(C) ഹൈഡ്രജൻ (D) ആർഗൺ

74. പ്രകാശം കടത്തിവിടാത്ത വസ്തുക്കളാണ് :

(A) വിദ്യുത്രോധി (B) ചാലകം
(C) സുതാര്യവസ്തു (D) അതാര്യവസ്തു

75. നീളത്തിന്റെ SI യൂണിറ്റാണ് :

(A) മീറ്റർ (B) സെന്റീമീറ്റർ
(C) കിലോമീറ്റർ (D) മില്ലീമീറ്റർ

76. നട്ടെല്ലുള്ള ഒരു ജീവിയാണ് :

(A) മണ്ണിര (B) പാമ്പ്
(C) ജെല്ലി ഫിഷ് (D) എട്ടുകാലി

77. തെളിഞ്ഞ ചുണ്ണാമ്പു വെള്ളത്തെ പാൽ നിറമാക്കുന്ന വാതകമാണ് :

(A) കാർബൺ ഡൈ ഓക്സൈഡ് (B) അമോണിയ
(C) സൾഫർ ഡൈ ഓക്സൈഡ് (D) നൈട്രജൻ ഡൈ ഓക്സൈഡ്

78. എക്സ്റേ കണ്ടുപിടിച്ച ശാസ്ത്രജ്ഞനാണ് :

(A) ജെ.ജെ. തോംസൺ (B) ജയിംസ് ചാഡ്‌വിക്
(C) വിൽഹം റോൺട്ജൻ (D) റൂഥർഫോർഡ്

79. 'യുറേക്കാ യുറേക്കാ' എന്നു വിളിച്ചുകൊണ്ട് നഗ്നനായി തെരുവിലൂടെ ഓടിയ ശാസ്ത്രജ്ഞനാണ് :

(A) ഗലീലിയോ (B) ആർക്കിമിഡീസ്
(C) മൈക്കിൾ ഫാരഡെ (D) എഡിസൺ

80. നൈട്രിക് ആസിഡിന്റെ രാസസൂത്രമാണ് :

(A) $HNO_3$ (B) $H_2SO_4$
(C) HCl (D) $H_2O$

81. $7777 \div 11 =$

(A) 7 (B) 77

(C) 707 (D) 770

82. $\left(\frac{2}{5} \times \frac{3}{4}\right) \div \frac{1}{5} =$

(A) $\frac{3}{2}$ (B) $\frac{5}{2}$

(C) $\frac{7}{2}$ (D) $\frac{9}{2}$

83. താഴെ കൊടുത്തിരിക്കുന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?

1, 6, 36, 216, —

(A) 496 (B) 896

(C) 1096 (D) 1296

84. $5\frac{1}{3} + 2\frac{1}{3} =$

(A) $7\frac{1}{3}$ (B) $7\frac{2}{3}$

(C) 7 (D) ഇവയൊന്നുമല്ല

85. 60 ന്റെ $\frac{2}{3}$ ഭാഗം എത്ര?

(A) 20 (B) 40

(C) 60 (D) 80

86. 7 കൊണ്ട് ശിഷ്ടം കൂടാതെ ഹരിക്കുവാൻ കഴിയുന്ന ഏറ്റവും വലിയ രണ്ടക്കസംഖ്യ ഏത്?

(A) 92 (B) 94

(C) 96 (D) 98

87. $\sqrt{0.0625} =$

(A) 0.25 (B) 0.025

(C) 2.5 (D) 0.0025

88. ഒരു രൂപയ്ക്ക് ഒരു മാസം 1 പൈസ പലിശ ആയാൽ പലിശ നിരക്ക് എത്ര?

(A) 1 ശതമാനം
(B) 10 ശതമാനം
(C) 12 ശതമാനം
(D) 20 ശതമാനം

89. ഒരാൾ 150 രൂപയ്ക്ക് ഒരു സാധനം വാങ്ങി. അത് 120 രൂപയ്ക്ക് വിറ്റു. എങ്കിൽ അയാൾക്കുണ്ടായ നഷ്ടം എത്ര ശതമാനം?

(A) 15 ശതമാനം
(B) 20 ശതമാനം
(C) 25 ശതമാനം
(D) 30 ശതമാനം

90. $0.2 \times 0.2 \times 0.2 =$

(A) 0.008
(B) 0.08
(C) 0.8
(D) 0.0008

91. $2^0 =$

(A) 2
(B) 0
(C) 1
(D) 20

92. ഒരു പേനയ്ക്ക് 9 രൂപ 50 പൈസാ നിരക്കിൽ ഒരു ഡസൻ പേനയുടെ വില എന്തായിരിക്കും?

(A) 57 രൂപ
(B) 95 രൂപ
(C) 76 രൂപ
(D) 114 രൂപ

93. ഒരു കാറിന്റെ വേഗത മണിക്കൂറിൽ 60 കി.മീ. ആയാൽ ആ കാർ 4 മണിക്കൂർ കൊണ്ട് സഞ്ചരിച്ച ദൂരം എത്ര?

(A) 15 കി.മീ.
(B) 56 കി.മീ.
(C) 64 കി.മീ.
(D) 240 കി.മീ.

94. ഒരു കുട്ടിക്ക് എല്ലാ വിഷയങ്ങൾക്കും കൂടി കിട്ടിയ ആകെ മാർക്ക് 600 ൽ 450 ആണ്. ആ കുട്ടിക്ക് കിട്ടിയ മാർക്ക് എത്ര ശതമാനം?

(A) 55 ശതമാനം
(B) 65 ശതമാനം
(C) 75 ശതമാനം
(D) 85 ശതമാനം

95. $\frac{0.8}{0.08} =$

(A) 10
(B) 100
(C) 1
(D) ഇവയൊന്നുമല്ല

96. രാഹുൽ അവന്റെ നാലു വിഷയങ്ങളുടെ ആകെ മാർക്ക് കണ്ടുപിടിച്ചപ്പോൾ 125 എന്ന് കിട്ടി, എന്നാൽ ഇംഗ്ലീഷിന്റെ മാർക്ക് 41 ന് പകരം 14 ആണ് ചേർത്തിരിക്കുന്നത് എന്ന് അവന്റെ സുഹൃത്ത് കണ്ടുപിടിച്ചു. ഇംഗ്ലീഷിന്റെ യഥാർത്ഥ മാർക്കായ 41 ചേർത്തിരുന്നുവെങ്കിൽ അവന്റെ ആകെ മാർക്ക് എത്ര ആയിരിക്കും?

(A) 166
(B) 152
(C) 139
(D) 111

97. താഴെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ചെറുത് ഏത്?

(A) $\frac{1}{2}$
(B) $\frac{1}{5}$
(C) $\frac{1}{7}$
(D) $\frac{1}{9}$

98. 2, 3, 4 ഈ സംഖ്യകളുടെ ല.സാ.ഗു. :

(A) 3
(B) 6
(C) 12
(D) 24

99. $-5 + -9 =$

(A) –14
(B) 14
(C) –4
(D) 4

100. ഒരു ചതുരത്തിന്റെ നീളം 10 യൂണിറ്റും ചതുരത്തിന്റെ വീതി 8 യൂണിറ്റും ആണ്. എങ്കിൽ ആ ചതുരത്തിന്റെ ചുറ്റളവ് എത്ര?

(A) 18 യൂണിറ്റ്
(B) 36 യൂണിറ്റ്
(C) 80 യൂണിറ്റ്
(D) ഇവയൊന്നുമല്ല